ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ,

(എ) ഇല്ല. കേന്ദ്ര പെട്രോളിയം പ്രകൃതി വാതക മന്ത്രാലയം ഏർപ്പെടുത്തിയ മണ്ണെണ്ണ സബ്സിഡി നേരിട്ട് ഗുണഭോക്താവിന് നൽകുന്ന പദ്ധതിയായ ഡയറക്ട് ട്രാൻസ്ഫർ ഓഫ് ക്യാഷ് സബ്സിഡി ഓൺ പി.ഡി.എസ്. കെറോസിൻ സ്കീം 202 (DTCK-2012) പ്രകാരം റേഷൻ മണ്ണെണ്ണയുടെ സബ്സിഡി ബാങ്ക് വഴിയാക്കുന്നതിന് തീരുമാനമായിട്ടുണ്ട്. ടി പദ്ധതി ഭക്ഷ്യപൊതുവിതരണ വകുപ്പിലെ End to End Computerisation പദ്ധതി പൂർത്തിയാകുന്ന സമയത്ത് നടപ്പിലാക്കുന്നതാണ്.

(ബി-ഇ) ബാധകമല്ല.

വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ വിതരണ പദ്ധതി

7 (*96) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ വിതരണ പദ്ധതിയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ ; ഇത് മുടക്കംകൂടാതെ നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) സ്കൂളുകൾക്ക് ആവശ്യത്തിന് ഫണ്ട് യഥാസമയം ലഭ്യമാകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉച്ചഭക്ഷണത്തിനായി ചെലവാക്കിയ വകയിൽ പ്രധാനാദ്ധ്യപകർക്ക് വൻതുക കുടിശ്ശിക ലഭിക്കാനുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സാമ്പത്തിക പ്രതിസന്ധി ഈ പദ്ധതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഇ) ഭക്ഷ്യവസ്തുക്കളുടെയും മറ്റും വിലയിലുണ്ടായിട്ടുള്ള വൻവർദ്ധനവ് പരിഗണിച്ച് ഇതിനുള്ള കണ്ടിജന്റ് ചാർജ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) സർ,

(എ) ഉച്ചഭക്ഷണ വിതരണ പദ്ധതിയുടെ പ്രവർത്തനം ഓരോ ആറുമാസം കൂടുമ്പോൾ സംസ്ഥാനതലത്തിൽ അവലോകനം ചെയ്യുന്നുണ്ട്. പദ്ധതി മുടക്കംകൂടാതെ നടന്നുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഉച്ചഭക്ഷണ പദ്ധതിക്ക് സ്കൂൾ പ്രഥമാദ്ധ്യാപകരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ മുൻകൂറായി തുക നൽകിവരുന്നു. ആയതിനാൽ പദ്ധതിയുടെ നടത്തിപ്പിന് തടസ്സം നേരിടുന്നില്ല.

(സി) സ്കൂളുകളിൽനിന്നും കൃത്യമായ കണക്ക് ലഭിക്കാത്തതുകൊണ്ടാണ് സ്കൂളുകൾക്ക് കുടിശ്ശിക വന്നിട്ടുള്ളത്. എന്നാൽ കുടിശ്ശികയുൾപ്പെടെയുള്ള തുക സ്കൂൾ പ്രഥമാദ്ധ്യാപകരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഇതിനകം അനുവദിച്ച് കഴിഞ്ഞിട്ടുണ്ട്. ഇനിയും കുടിശ്ശിക ലഭിക്കാനുണ്ടെങ്കിൽ ആയത് അറിയിക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്.

(ഡി) ഇല്ല.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

കേന്ദ്ര സഹായത്തോടെ ബൈപ്പാസ് റോഡുകളുടെ നിർമ്മാണം

8 (*97) ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. ജോസഫ് വാഴയ്ക്കൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സഹായത്തോടെ ബൈപ്പാസ് റോഡുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇവയുടെ പണികൾ തുടങ്ങുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly